പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2051 22.01.2014 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രദർശിപ്പിക്കൽ

| ചോദ്യം<br><br>**ശ്രീ.പി.ഉബൈദുള്ള** | മറുപടി<br><br>**രമേശ് ചെന്നിത്തല**<br><br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) പൊതുജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസ്യത നഷ്ടപ്പെടാതിരിക്കാനും മികച്ച സേവനം ഉറപ്പുവരുത്താനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ പോലീസ്-പൊതുജന വിശ്വാസം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള, ജനമൈത്രി പോലീസ് പദ്ധതി പുതുതായി 100 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഭയരഹിതമായി പോലീസ് സ്റ്റേഷനുകളിൽ കടന്ന് ചെന്ന് പരാതി ബോധിപ്പിക്കുന്നതിനുള്ള സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. ഇതിനായി വനിതാ ഹെൽപ്പ് ഡെസ്കുകൾ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. മികച്ച സേവനം ഉറപ്പുവരുത്തുന്നതിലേക്കായി പോലീസ് സേനയിൽ പുതിയ തസ്തികകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. കേസന്വേഷണത്തിൽ സഹായകമാകുന്ന അത്യാധുനിക ഉപകരണങ്ങളും, വാഹനങ്ങളും വാങ്ങി പോലീസ് സേനയെ ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| ബി) കുറ്റകൃത്യങ്ങളിൽ പങ്കുണ്ടെന്നോ, കുറ്റവാളികൾക്ക് കൂട്ടുനിന്നെന്നോ തെളിയുന്ന പോലീസ് ഉദ്യോഗസ്ഥരെ നിയമാനുസൃതമായ ശിക്ഷാ നടപടികൾക്ക് വിധേയരാക്കുന്നുവെന്നും അവർക്കെതിരെ ത്വരിതഗതിയിൽ നടപടി സ്വീകരിക്കപ്പെടുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന ഹർജികൾ സംബന്ധിച്ച നിയമസഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദാമാക്കാമോ ; | (ബി) ഇപ്രകാരമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി പോലീസ് വകുപ്പിൽ നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി)പരാതിയുമായി പോലീസ് സ്റ്റേഷനിൽ എത്തുന്ന പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ചും ആയതു നിഷേധിക്കപ്പെട്ടാലുള്ള തുടർനടപടികളെക്കുറിച്ചുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇപ്പോഴും പ്രദർശിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ഡി)എങ്കിൽ ഇതു സംബന്ധിച്ച് വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിന് എല്ലാ പോലീസ് സബ് ഇൻസ്പെക്ടർമാർക്കും കർശന നിർദ്ദേശം നൽകുമോ; | **(സി) യും (ഡി) യും.** ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഇതു സംബന്ധിച്ച് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഇ) നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയും പരാതികൾ നൽകാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കുമോ? | (ഇ) ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി പരാതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി വഴി പ്രവർത്തിയ്ക്കുന്ന ഹെൽപ്പ് ഡെസ്ക്കുകൾ പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ഒരു പോലീസ് സ്റ്റേഷനിൽ നിന്നും കേരളത്തിലെ മറ്റ് ഏതൊരു പോലീസ് സ്റ്റേഷനുകളിലേയ്ക്കും പരാതി അയയ്ക്കാവുന്നതാണ്. ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിലൂടെ പരാതി നൽകുന്നതിനുള്ള സംവിധാനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഇ-മെയിൽ വഴി പൊതുജനങ്ങൾക്ക് പരാതി നൽകാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ